**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2115 — 04.11.2019 ൽ മറുപടിക്ക്

## കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള വിവിധ പ്രവൃത്തികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ മങ്കര,കല്ലടിക്കോട് എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.ടി കേന്ദ്രങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ,രണ്ട് സ്റ്റാഫ് നേഴ്സ്,ഒരു ലാബ് ടെക്നീഷ്യൻ,ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.ഇവിടെ വൈകുന്നേരം 6 മണി വരെ ഒ.പി പ്രവർത്തിക്കുന്നുണ്ട്.മഴക്കാലപൂർവ്വ ശുചീകരണം,സാംക്രമികരോഗ നിർമ്മാർജ്ജനം എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ആരോഗ്യസേന രൂപീകരിച്ചിട്ടുണ്ട്.ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് ചികിത്സിക്കാൻ ശ്വാസ് ക്ലിനിക്ക്,വിഷാദ രോഗത്തിനായി ആശ്വാസ് ക്ലിനിക്ക് എന്നിവ ആരംഭിച്ചിട്ടുണ്ട്.<br><br>രണ്ടാം ഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ,കാരാക്കുർശ്ശി,കേരളശ്ശേരി, മണ്ണൂർ എന്നീ പി.എച്ച്.സികളേയും പറളി സാമൂഹികാരോഗ്യകേന്ദ്രത്തെയും കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതിൽ കാഞ്ഞിരപ്പുഴ പി.എച്ച്.സി,മണ്ണൂർ പി.എച്ച്.സി എന്നിവയ്ക്ക് 14 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്.കാരാക്കുർശ്ശി,കേരളശ്ശേരി, പറളി എന്നീ സ്ഥാപനങ്ങൾക്ക് എൻ.എച്ച്.എം ഫണ്ട് മുഖേന 15.50 ലക്ഷം രൂപാ വീതവും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.കൂടാതെ സംസ്ഥാനത്ത് തെരഞ്ഞെടുത്ത 504 |

| | | | |
|---|---|---|---|
| | | | ആരോഗ്യകേന്ദ്രങ്ങളിലേക്കായി 400 അസിസ്റ്റന്റ് സർജൻ, 400 സ്റ്റാഫ് നേഴ്സ്,200 ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.സ്ഥാപനം തിരിച്ചുള്ള ഉത്തരവ് ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ കോങ്ങാട് സി.എച്ച്.സി.യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ബ്ലോക്കുതല സി.എച്ച്.സി കളെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാനത്തെ 152 ബ്ലോക്കുതല സി.എച്ച്.സി കളിൽ 76 എണ്ണം ഈ വർഷം രോഗീ സൗഹൃദ രീതിയിൽ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തങ്ങൾ നടന്നു വരികയാണ്. പ്രസ്തുത പട്ടികയിൽ കോങ്ങാട് സി.എച്ച്.സി ഉൾപ്പെട്ടിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ